മിൻതി തന്നെ ശ്രദ്ധിക്കുന്നത് കണ്ട് അവൾ മനപ്പൂർവം കൈ നീട്ടി ഹെയ്ഡിസിന്റെ ഷർട്ടിന്റെ കോളർ നേരെയാക്കി.'എന്നെ പറ്റിച്ചതിനു നിങ്ങൾ അനുഭവിക്കാൻ പോകുന്നതേയുള്ളൂ.' അയാൾ ഷർട്ടിൽ കുത്തിയിരുന്ന പൊളിയാന്തസ് പൂവിന്റെ ഇതളുകളെ തലോടി. ആ നിമിഷം അത് വാടിപ്പോയി.

സ്കാർലെട് സെന്റക്ലെയറിന്റെ " എ ടച്ച് ഓഫ് ഡാർക്നെസ്സ് എന്ന നോവലിന്റെ ആസ്വാദനം ചാപ്റ്റർ 4 —-intrusion —--

നീനാ പനക്കൽ .

ക്ലാസ്സ് കഴിഞ്ഞ് പെർസെഫനി നെവർ നൈറ്റിൽ എത്തി . കൈത്തണ്ടയിൽ കിടക്കുന്ന ഈ കറുത്ത പാടുകൾ എന്താണെന്ന് അറിയണം. ഹെയ്ഡിസിന്റെ ഭീകരമായ കോൺട്രാക്റ്റ്കളിൽ ഒന്നാവുമോ ഈ പാടുകൾ ? ഇല്ല . അയാൾക്ക് അത് സാധിക്കില്ല. ഞാൻ ഒരു മനുഷ്യ പെൺകുട്ടിയല്ല ,അയാളുമായി കോൺട്രാക്ടിൽ ഏർപ്പെടാൻ.

നെവർനൈറ്റിന്റെ വാതിലിൽ അവൾ ആഞ്ഞു മുട്ടി."ആരുമില്ലേ ഇവിടെ? ഓപ്പൺ ദി ഡോർ"

ഒരു രാക്ഷസൻ വന്ന് കതക് തുറന്നു. "എന്ത് വേണം? ക്ലബ്ബ് തുറക്കാൻ സമയമായില്ല." അയാൾ അലറി.

'എനിക്ക് ഹെയ്ഡിസിനോട് സംസാരിക്കണം.' പെർസെഫനിയുടെ കൂസലില്ലായ്മ കണ്ട് രാക്ഷസൻ ഒന്നറച്ചു . 'ഒരു വെറും മനുഷ്യനായ നീ എന്നോട് ഗുസ്തിക്ക് വരികയാണോ? ഹെയ്ഡിസിനോട് സംസാരിക്കണം പോലും!!'

എത്ര തർക്കിച്ചിട്ടും രാക്ഷസൻ കതക് തുറക്കുന്നില്ല എന്ന് കണ്ട് പെർസെഫനി തന്റെ മുഖത്ത് നിന്ന് മാജിക്ക് മാറ്റി. അവളുടെ കണ്ണുകളുടെ നിറം മാറി, കൊമ്പുകൾ പ്രത്യക്ഷമായി.

രാക്ഷസൻ നിലത്ത് മുട്ടുകുത്തി ." അയ്യോ ദേവി ഞാനറിഞ്ഞില്ല. മാപ്പുതരണം. " അയാൾ നിരന്തരം മാപ്പ് ചോദിച്ചുകൊണ്ടേ ഇരുന്നു.

ഉടൻ ഹെയ്ഡിസ് അവിടെയെത്തി. അയാളുടെ കഴുത്തിലെ ടൈ അലങ്കോലപ്പെട്ടിരുന്നു, ധരിച്ചിരുന്ന ഷർട്ടും.

" ലേഡി പെർസെഫനി " അയാളുടെ വാക്കുകൾ ഒരു ശമന ഔഷധം പോലെയിരുന്നു. പെർസെഫനി അയാളെ തറപ്പിച്ച് നോക്കി. ഇയാളൊരു ദേവനായതുകൊണ്ട് എനിക്ക് ഭയമൊന്നുമില്ല .ഞാനൊരു ദേവതയാണ്.

" ലോർഡ് ഹെയ്ഡിസ് ." തൊണ്ടയിടറാതിരിക്കാൻ അവൾ നന്നേ ശ്രമിച്ചു.

' വരൂ. നടക്കൂ.' അയാൾ അവളെ നയിച്ചു. അയാളുടെ ശബ്ദത്തിൽ പരിഹാസമില്ല. അറിയാനുള്ള ആഗ്രഹം മാത്രം.

"താങ്കൾ എന്നെ എവിടേക്കാണ് കൊണ്ടുപോകുന്നത്?"

"എന്റെ ഓഫീസ് മുറിയിലേക്ക്."

പെർസെഫനിക്ക് വൈക്ലബ്യം തോന്നി. അവൾ ഹെയ്ഡിസിനെ പിന്തുടർന്നു.

" നിന്റെ മാജിക്കിന്റെ വാസന ഡെമറ്ററിന്റേത് പോലെ തോന്നുന്നല്ലോ. എന്ത് കൊണ്ട് നിനക്ക് നിന്റെ മാജിക് ഉപയോഗിച്ച് കൂടാ ?"

' അതുകൊണ്ടാണോ നിങ്ങൾ എന്റെ കൈയിൽ ഈ അടയാളങ്ങൾ ശേഷിപ്പിച്ചത്?'

"അല്ല.നീ കളിയിൽ എന്നോട് തോറ്റതിന്റെ അടയാളങ്ങൾ ആണവ. ഇതാണ് ഇവിടത്തെ നിയമം."

" മര്യാദക്ക് ഈ അടയാളങ്ങൾ മാറ്റിത്താ .ഇത് തമാശയല്ല."

" ഓ ഡാർലിംഗ് , യൂ ഹാവ് നോ ഐഡിയ ."

'നിങ്ങൾ എന്നെ കളി പഠിപ്പിക്കയായിരുന്നു. കളിയറിഞ്ഞുകൂടാത്ത എന്നെ തോൽപ്പിക്കയായിരുന്നു.'

"നെവർനൈറ്റിലെ റൂളിന് മാറ്റമില്ല. നീ എന്നോട് കളിച്ച് തോറ്റു. "

'ക്ലിയർ ആയിട്ട് നിങ്ങൾ ഒന്നും പറഞ്ഞു തന്നില്ല .യൂ ആസ് ഹോൾ '

അയാളുടെ മുഖം മാറി.മേശക്കരികിൽ നിന്ന് എഴുന്നേറ്റ അയാൾ പെർസെഫനിയുടെ തൊട്ടടുത്ത് ചെന്നുചെന്ന് നിന്നു "ഡോണ്ട് കാൾ മി നെയിംസ് " പറഞ്ഞിട്ടയാൾ അവളുടെ കൈത്തണ്ടയിൽ പിടിച്ച് അമർത്തി. " നീ എന്റെ മുറിയിൽ ചൂതു കളിക്കാൻ വന്നതാണ്. നിയമപ്രകാരം നീ അപ്പോൾ തന്നെ ഞാനുമായി കോൺട്രാക്ടിൽ ഏർപ്പെട്ടുകഴിഞ്ഞു. നീ ജയിച്ചിരുന്നെങ്കിൽ നിനക്ക് നെവർ നൈറ്റിൽ നിന്ന് ഒരു ഡിമാൻഡും കൂടാതെ പോകാമായിരുന്നു. ഇതാണ് ഇവിടത്തെ നിയമം. കരാർ തീരുമ്പോൾ കൈയിലെ അടയാളങ്ങൾ തനിയെ ഡിസോൾവ് ചെയ്യും."

ഇനി രക്ഷയില്ലെന്ന് അവൾക്കു മനസ്സിലായി. 'ഞാൻ ഇനി എന്ത് ചെയ്യണം?'

" അധോലോകത്ത് ഒരു പൂന്തോട്ടം ഉണ്ടാക്കണം. നിനക്ക് ആറുമാസത്തെ സമയമുണ്ട്."

മിൻതി തന്നെ ശ്രദ്ധിക്കുന്നത് കണ്ട് അവൾ മനപ്പൂർവം കൈ നീട്ടി ഹെയ്ഡിസിന്റെ ഷർട്ടിന്റെ കോളർ നേരെയാക്കി.'എന്നെ പറ്റിച്ചതിനു നിങ്ങൾ അനുഭവിക്കാൻ പോകുന്നതേയുള്ളൂ.' അയാൾ ഷർട്ടിൽ കുത്തിയിരുന്ന പൊളിയാന്തസ് പൂവിന്റെ ഇതളുകളെ തലോടി. ആ നിമിഷം അത് വാടിപ്പോയി.

'ഇതെന്റെ മമ്മാ അറിഞ്ഞാൽ അവരുടെ കോപം നിന്റെ മേൽ വരും.' അവൾ ഭീഷണിപ്പെടുത്തി .

"നീ റെക്‌ലെസ്സ് ആയി എന്റെ ക്ലബ്ബിൽ വന്ന് എന്നോട് ചൂത് കളിച്ച് തോറ്റത് അറിയുമ്പോൾ അവൾ എന്നെ എന്ത് ചെയ്യുകയുമെന്ന് നമുക്ക് കാണാം.'

മൂന്ന് പ്രധാന ദേവന്മാരിൽ ഒരുവനായ ഹെയ്ഡിസിനോട് ഒരു ചുക്കും ചെയ്യാൻ തന്റെ മമ്മയ്ക്ക് കഴിയില്ലെന്ന് പെർസെഫനിക്ക് അറിയാം.

'എപ്പോഴാ ഞാൻ തുടങ്ങേണ്ടത്?' അവൾ നിരാശയോടെ ചോദിച്ചു.

" നാളെ വരിക. അധോലോകത്തേക്കുള്ള വഴി ഞാൻ കാണിച്ച് തരാം."

' എനിക്ക് ക്ലാസ്സ് കഴിഞ്ഞേ വരാനാവൂ . ഞാൻ "ന്യൂ ഏതെൻസ് യൂണിവേഴ്സിറ്റിയിൽ " പഠിക്കുകയാണ് .'

" ഓക്കേ ഇപ്പോൾ എന്റെ ഡ്രൈവർ നിന്നെ വീട്ടിൽ കൊണ്ടാക്കും "

" വേണ്ട ."

" വേണം" അയാൾ അധികാര സ്വരത്തിൽ പറഞ്ഞു. അയാൾ പെർസെഫ നിയെ ആലിംഗനം ചെയ്ത് ചുംബിച്ചു. അവളുടെ ജീവിതത്തിലെ ആദ്യത്തെ കിസ്സ് . അയാളുടെ ശരീരത്തിന്റെ മത്തു പിടിപ്പിക്കുന്ന മണം !! അതവൾക്കിഷ്ടമായി .വളരെ ഇഷ്ടമായി. അയാളുടെ നെഞ്ചിലെ ചൂടും . അയാൾ ഒരു വിരൽ കൊണ്ട് അവളുടെ കവിളിൽ തൊട്ടു.

"ഇത് ഞാൻ നിനക്ക് തരുന്ന ഒരു ആനുകൂല്യം ആണ് . നിനക്കിനി ക്ലബ്ബിന്റെ വാതിലിൽ മുട്ടേണ്ട ആവശ്യമില്ല. നീ തൊടുമ്പോൾ വാതിൽ തനിയേ തുറക്കും."

പെട്ടെന്ന് അതിസുന്ദരിയായ ഒരു സ്ത്രീ മുറിയിലേക്കു വന്നു. " ലോർഡ് ഹെയ്ഡിസ് താനാറ്റോസ് താങ്കളെ കാണാൻ വന്നിരിക്കുന്നു." അവളുടെ കണ്ണുകൾ പെർസെഫനിയുടെ തുടുത്ത് ചുവന്നുപോയ മുഖത്തേക്ക് ... അവൾ മുറുകെ പിടിച്ച അയാളുടെ ഷർട്ടിലേക്ക് .പെർസെഫനി പെട്ടെന്ന് പിറകോട്ട് മാറാനൊരു ശ്രമം നടത്തി. അയാൾ അവളെ മുറുകെ പിടിച്ചു .

" ഒരു മിനിറ്റ് മിൻതി ."ഹെയ്ഡിസ് പറഞ്ഞു.

ഓ ഇതാണ് മിൻതി . ഹെയ്ഡിസ് ന്റെ കാമുകി. ബാൽക്കണിയിൽ , പിറകിലൂടെ വന്ന് കെട്ടിപ്പിടിച്ച സുന്ദരി. വാതിൽ തുറന്ന് പുറത്ത് വന്നപ്പോൾ വെറുതെയല്ല അയാളുടെ ടൈ അലങ്കോലപ്പെട്ടിരുന്നതും ഷർട്ട് ഉടഞ്ഞുപോയിരുന്നതും. പെർസെഫനിക്ക് വല്ലാത്ത ദേഷ്യവും അസൂയയും തോന്നി ആ ജലദേവതയോട്. അവളുടെ നീളമുള്ള കടുംചുവപ്പ് മുടിയിലേക്ക് പെർസെഫനി ക്രുദ്ധിച്ച് നോക്കി.

" ഞാൻ ചോദിച്ചതിന് നീ ഉത്തരം പറഞ്ഞില്ല ഡാർലിംഗ്. നീയെന്തിനാണ് നിന്റെ മമ്മായുടെ മാജിക്ക് ഉപയോഗിക്കുന്നത്?"

'പുതിയ ചോദ്യം ചോദിച്ച് മറ്റൊരു ഗെയിമിലേക്ക് എന്നെ തള്ളിവിടാനാവും .ആ പ്ലാൻ മനസ്സിലിരിക്കട്ടെ. നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ട ആവശ്യമില്ലെനിക്ക്.'

മിൻതി തന്നെ ശ്രദ്ധിക്കുന്നത് കണ്ട് അവൾ മനപ്പൂർവം കൈ നീട്ടി ഹെയ്ഡിസിന്റെ ഷർട്ടിന്റെ കോളർ നേരെയാക്കി. "എന്നെ പറ്റിച്ചതിനു നിങ്ങൾ അനുഭവിക്കാൻ പോകുന്നതേയുള്ളൂ." പറഞ്ഞുകൊണ്ട് അയാൾ ഷർട്ടിൽ കുത്തിയിരുന്ന പൊളിയാന്തസ് പൂവിന്റെ ഇതളുകളെ തലോടി. അത് വാടിക്കരിഞ്ഞു പോയി.

*****************************************************